കെ.എസ്.എകെറ്റിഎം പി-10/5/17 തീയതി: 11.1.17

കോട്ടയംജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/06/2015 മുതൽ 31/03/2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം 20 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം.വി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24/12/2016മുതൽ 31/12/2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഷൈജു എസ്. | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.രതീഷ് സി.ആർ | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.സുധ ജേക്കബ് | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീ. ലൂക്കോസ് കുര്യൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ചെങ്ങളം രവി | 01/04/15 മുതൽ 31/10/15വരെ |
| | അഡ്മിനിസ്ട്രേറ്റീവ് | 1.11.15 മുതൽ 18.11.15 വരെ |

| | | |
|---|---|---|
| | കമ്മിറ്റി | |
| | ശ്രീമതി. ജെസ്സി നൈനാൻ | 19/11/15 മുതൽ 31/03/16വരെ |
| (സെക്രട്ടറി-ഇൻ-ചാർജ്ജ്) | ശ്രീ. വി.എൻ.റജിമോൻ | 1/4/2015 മുതൽ 22/07/15 വരെ |
| സെക്രട്ടറി | ശ്രീ. ബിജുകുമാർ എം. | 23/07/2015 മുതൽ 31/03/16വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ .വി.എൻ.റജിമോൻ<br>ശ്രീ. ഹരീഷ് കുമാർ പി. | 1/4/15 മുതൽ 30/9/15 വരെ<br>1/10/15മുതൽ 31/3/16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ബിന്ദു.റ്റി.റ്റി | 1/4/15മുതൽ 31/03/16വരെ |
| വെറ്ററിനറിസർജൻ | ഡോ.ഉഷ.ആർ | 01/04/15മുതൽ23 /9/15വരെ |
| | ഡോ.സുജ ജോൺ | 24/9/15മുതൽ31/3/16വരെ |
| കൃഷിഓഫീസർ | ശ്രീ.ആർ.വേണുഗോപാൽ | 01/04/15മുതൽ20 /4/15വരെ |
| | ശ്രീമതി. ബീനാമോൾ ആന്റണി | 21/4/15മുതൽ30/5/15വരെ |
| | ശ്രീമതി. ജ്യോതി റ്റി. | 31/5/15മുതൽ31/3/16വരെ |
| വി.ഇ.ഒ | ശ്രീ.അജിത്കുമാർ.വി.സി | 1/4/15മുതൽ 31/03/16വരെ |
| എൽ.വി.ഇ.ഒ | ഉമ.എസ് | 1/4/15മുതൽ 31/03/16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. രാജശ്രീ.വി | 1/4/15 മുതൽ 31/12/15വരെ |
| | ശ്രീമതി. ത്രേസ്യാമ്മ എം.എൽ | 1/1/16 മുതൽ 22/2/16വരെ |
| | ശ്രീമതി.റൈഹാനത്തുബീവി കെ.എസ്. | 23/2/16 മുതൽ 31/03/16വരെ |
| മെഡിക്കൽ ഓഫീസർ പി..എച്ച്.സി | ഡോ.രേഷ്മ മാമ്മൻ | 01/04/15മുതൽ 14/5/15വരെ |

| | | |
|---|---|---|
| | | |
| | ഡോ. സ്മിത ഇ.എസ് | 15/5/15 മുതൽ 1/7/15വരെ |
| | ഡോ. കാതറിൻ പ്രിമ തോമസ് | 2/7/15 മുതൽ 31/03/16വരെ |
| മെഡിക്കൽഓഫീസർ ആയുർവ്വേദം | ഡോ.ഈന ഡി | 1/4/15മുതൽ 31/03/16വരെ |
| മെഡിക്കൽഓഫീസർ ഹോമിയോ | ഡോ.അജിതകുമാരി.കെ | 1/4/15മുതൽ 31/03/16വരെ |
| എച്ച്.എം, ഗവ.യുപിഎസ് | ഹൗവ്വ എ.എം | 1/4/15മുതൽ 31/03/16വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഭാഗം 1 പൊതു അവലോകനം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| | |
|---|---|
| 2-1 | സാംഖ്യ രസീത്- രസീത് നമ്പരുകൾ ക്രമം തെറ്റി വന്നിരിക്കുന്നു. |
| 2-2 | വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതിയിളവ്- മാർഗരേഖ പാലിക്കുന്നില്ല |
| 2-3 | പാരാമിലിട്ടറി വിഭാഗക്കാർ- വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-4 | വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. |
| 2-5 | പരസ്യനികുതി ഈടാക്കുന്നില്ല. |
| 2-6 | മൊബൈൽ ടെലികമ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പരിഷ്കരണം സംബനന്ധിച്ച് |
| 2-7 | കേന്ദ്രസർക്കാരിന്റെ പ്ലാസ്റ്റിക്ക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 നടപ്പാക്കിയിട്ടില്ല |
| 2-8 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-9 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപരിപാടി- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-2 | സൗജന്യപച്ചക്കറിത്തൈ വിതരണം- പദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച് |
| 3-3 | ഹോമിയോ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല |
| 3-4 | ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമാണം- തുക കൈപ്പറ്റി നിർമാണം പൂർത്തിയാക്കാത്തത് |
| 3-5 | കക്കൂസ് നിർമാണം- തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 3-6 | വിനിയോഗസാക്ഷ്യപത്രമില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3-7 | ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3-8 | അസിസ്റ്റന്റ് എൻജിനിയർ നിർവഹണം നടത്തിയ പ്രോജക്ടുകൾ |
| 3-9 | എസ്.സി. ട്രയിനിങ് സെന്റർ– നിഷ്ക്രിയ ആസ്തിയായി തുടരുന്നു. |
| 3-10 | ഭവനനിർമാണം- പൂർത്തീകരണവിവരം ലഭ്യമല്ല |
| 3-11 | എം.ജി.എൻ.ആർ.ഇ.ജി.എസ്. പൊതു നിരീക്ഷണങ്ങൾ |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | |
|---|---|
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28/03/2015തിയതിയിലെ 1-ാം നംമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4696849 | 28653618 |
| വരവ് | 6226750 | 33721853 |
| ആകെ | 66964349 | 62375471 |
| ചെലവ് | 65682900 | 43973400 |
| നീക്കിയിരിപ്പ് | 1281499 | 18402071 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 8/8/16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | കെ.എസ്.എ.കെ.റ്റി.എം പി.14 /ജി.പി. --------- |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 28653618

വരവ് - 33721853

ആകെ -62375471

ചെലവ് -43973400

നീക്കിയിരിപ്പ്- 18402071

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3752066 | 632623 + 8844926(ടി.സി.) | 13229615 | 13229615 | - | 13229615 | | 100 |
| വികസനഫണ്ട് എസ്.സി.പി. | 973752 | 3102127 | 4075879 | 3402127 | 673752 | 4075879 | | 100 |
| വികസനഫണ്ട് ടി.എസ്.പി. | 257007 | 59692 | 316699 | 59692 | 257007 | 316699 | | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6479 | 294176 | 300655 | 300655 | - | 300655 | | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1245004 | 1175275 | 2420279 | 2420279 | - | 2420279 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3501416 | 779700 | 11301161 | 6853994 | 4447167 | 11301161 | | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3467000 | 3291273 | 6758273 | 3191273 | 3467000 | 6758273 | | 100 |

## 1-6 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 41874747 | 140 | 32741552 | | | 85.4% |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/15/ഡി.പി.സി/ഡി.പി.ഓ കോട്ടയം തീയതി24.06.16പ്രകാരം അംഗീകാരം ലഭിച്ചു.

ഗ്രാമസഭകളുടെ പ്രവർത്തനം

പഞ്ചായത്തിലെ 2015-16 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം ചേരേണ്ടതാണ്.

പഞ്ചായത്തിലെ 18 വാർഡുകളിലും അഞ്ച് മാസം കൂടുമ്പോഴാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. ബഡ്ജറ്റ് നിർദേശങ്ങൾ, പദ്ധതി നിർദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്യതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള യോഗങ്ങൾ മാത്രമായി മാറുന്നു.
2016-17 വർഷത്തെ ഗ്രാമസഭകൾ കൃത്യമായി നടത്തുന്നതിനും, (മൂന്ന് മാസത്തിലൊരിക്കൽ) ഗ്രാമസഭയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും കോറം തികയുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥർ, വി.ഇ.ഒ എന്നിവരെ ഗ്രാമസഭായോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസനപദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും മുൻഗണനകൾ നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ, ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തുകയും യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

നേട്ടങ്ങൾ

1. ലഭ്യമായ വികസനഫണ്ടിന്റെ 88.68% തുക ചെലവഴിച്ചു.
2. ഉത്പാദനമേഖലയിൽ 12 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ 10 എണ്ണം നടപ്പാക്കി.
3. മുട്ടക്കോഴി വിതരണം, സമഗ്രനെൽകൃഷി വികസനം, സൗജന്യ പച്ചക്കറിത്തൈ വിതരണം എന്നീ പ്രോജക്ടുകൾ നടപ്പാക്കി.

കോട്ടങ്ങൾ

1. ആസൂത്രണം ചെയ്ത 164 പ്രോജക്ടുകളിൽ 24 എണ്ണം നടപ്പാക്കിയില്ല.
2. കുടുംബശ്രീ ജാഗ്രതാസമിതിക്ക് കെട്ടിടനിർമാണം, അംഗൻവാടിക്ക് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്, വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണി, പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ, ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്ക് ഗണ്യമായ തുക വകയിരുത്തിയിരുന്നെങ്കിലും നടപ്പാക്കാൻ കഴിഞ്ഞില്ല.
3. വാർഷികപദ്ധതിക്ക് വേണ്ടി 27 ലക്ഷത്തിലധികം രൂപ തനതുഫണ്ടിൽ നിന്ന് വകയിരുത്തിയിരുന്നെങ്കിലും 11 ലക്ഷത്തോളം രൂപ മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്.
4. ഖരമാലിന്യസംസ്കരണം, ഗാർഹികബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1050000 രൂപ വകയിരുത്തിയിരുന്നെങ്കിലും നടപ്പാക്കിയില്ല.

## 1-7 തനത് വരുമാനം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു വരുമാനസ്രോതസ്സുകൾ വസ്തുനികുതി, തൊഴിൽനികുതി , ലൈസൻസ് ഫീസുകൾ എന്നിവയാണ്.

- വസ്തുനികുതി, തൊഴിൽ നികുതി കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കാത്തതിനാൽ ഗണ്യമായ തുകകൾ കാലഹരണപ്പെട്ടും ഡിമാന്റിൽ ഉൾപ്പെടാതെയും നഷ്ടപ്പെടുന്നുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതിവരവ് | 4779901 | 3672271 | 1107630 | 23.17 |
| നികുതിയിതരവരവ് | 556772 | 414106 | 142466 | 25.62 |
| ആകെ | 5336673 | 4086377 | 1250296 | 23.42 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 201120 | 157 |
| കർഷകതൊഴിലാളി പെൻഷൻ | 8982420 | 1148 |
| വിധവാപെൻഷൻ | 7247800 | 715 |
| വാർദ്ധക്യകാലപെൻഷൻ | 8066640 | 983 |
| വികലാംഗപെൻഷൻ | 3037805 | 305 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 325960 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,96,037/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ

പ്രകാരം 2015-16 വർഷം വസ്തു നികുതിയിനത്തിൽ 43,53,919/- രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.12.16 to 27.12.16 | 11/2016 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.7.2008 to 30.7.2008 | 1997-98 to 2007-08 | LBA(HQ)11 8A-1314/174 തീയതി 29/08/2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യാ രസീത് - രസീത് നമ്പരുകൾ ക്രമം തെറ്റി വന്നിരിക്കുന്നു

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ 2015-16 കാലയളവിലെ ചില ദിവസങ്ങളിൽ രസീത് നം. താഴെപ്പറയും വിധം ക്രമം തെറ്റി വന്നിരിക്കുന്നു.

| തിയതി | ഉപയോഗിച്ച രസീത് നമ്പരുകൾ | റിമാർക്ക്സ് |
|---|---|---|
| 30.07.15 | 11505100999 - 1003 | മുൻ കാലയളവിൽ നിന്ന് രസീത് നം. ക്രമമായി തുടരുന്നു. |
| 31.07.15 | 11501100043 - 053 | ക്രമം തെറ്റിയ രസീത് നമ്പരുകൾ |
| 01.08.15 | 11505101004 - 1007 | വീണ്ടും 30.07.15 – ന് ശേഷമുള്ള രസീത് നമ്പരുകളിൽ നിന്ന് ക്രമമായി തുടരുന്നു. |

| | | |
|---|---|---|
| 18.12.15 | 11505102314 | 01.08.15 - ൽ നിന്നുള്ള രസീത് നം. ക്രമമായി തുടരുന്നു |
| 19.12.15 | 11501100054 - 062 | 31.07.15- ന് ശേഷമുള്ള രസീത് നമ്പരുകളിൽ ആരംഭിച്ച് ക്രമമായി ഇപ്പോഴും തുടർന്നുവരുന്നു. |

മേൽപ്പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.5) സെക്രട്ടറിയുടെ അറിവോടെയല്ലാതെ മറ്റൊരു കമ്പ്യൂട്ടറിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കാതിരിക്കാനുള്ള സുരക്ഷാക്രമീകരണമായിട്ട് ഇന്റർനെറ്റ് കണക്ഷനുമായി ബന്ധപ്പെട്ട IP അഡ്രസ്സ് നം. കൂടി രസീത് നം. ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഫ്രണ്ട് ഓഫീസിൽ ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടർ കേടായ സാഹചര്യത്തിൽ മറ്റൊരു IP അഡ്രസ്സുള്ള കമ്പ്യൂട്ടർ ഉപയോഗിച്ചപ്പോഴാണ് ഇങ്ങനെ സംഭവിച്ചതെന്ന മറുപടിയാണ് നൽകിയത്. ഈ വിഷയത്തിൽ ആവശ്യമെങ്കിൽ ടെക്നിക്കൽ വിദഗ്ധരുടെ സഹായത്തോടെ കമ്പ്യൂട്ടർ മാറ്റിവയ്ക്കുന്ന സന്ദർഭങ്ങളിലും രസീത് നമ്പരുകൾ ക്രമമായി തുടർന്ന് വരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഇളവ്- മാർഗ്ഗരേഖ പാലിക്കുന്നില്ല

ജി.ഒ (എം.എസ്)242/2013 ത.സ്വ.ഭ.വ തീയതി.02.07.13 പ്രകാരം വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം നൽകണമെന്നും അപേക്ഷകളും രേഖകളും എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ 2015-16വർഷത്തിൽ ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകുന്നതിനായി ലഭിച്ചിട്ടുള്ള പല അപേക്ഷകളിലും കെട്ടിട നം. വാർഡ് നം., തറ വിസ്തീർണ്ണം, സേവനം ചെയ്ത സായുധസേനാ വിഭാഗം (ആർമി,നേവി, എയർഫോഴ്സ്) എന്നീ ആവശ്യമായ വിവരങ്ങളോ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട വിമുക്തഭടനാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്, മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം എന്നിവയോ ഹാജരാക്കിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | അപാകത |
|---|---|---|---|
| 1 | കെ.സി.എസ്. വാസുദേവൻ നായർ, കുമ്പളത്ത് ചിറയിൽ | X/245 | അപേക്ഷകളിൽ ആവശ്യമായ വിവരങ്ങളോ വിമുക്തഭടനാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പോ സാക്ഷ്യപത്രമോ ഇല്ല |
| 2 | ആർ.കെ. നായർ, ഇന്ദിരാ നിവാസ് | X/137 | |
| 3 | വാതാബജൻ, സുരേഷ് ഭവൻ | I/71 | |
| 4 | മുരളീധരപ്പണിക്കർ, മുണ്ടകത്തിൽ | XI/66 | |

| | | | |
|---|---|---|---|
| 5 | പ്രഭാകരൻ, കുന്നംമൂപ്പത്തിൽ | V/76E | |

സർക്കാർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാർ/ ആശ്രിതർ എന്നിവർക്ക് ഒരു ഭവനത്തിന് മാത്രമേ ഇളവ് ലഭിക്കുവാൻ അർഹതയുള്ളൂവെന്നിരിക്കെ മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം, വിമുക്തഭടനാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ്, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3 പാരമിലിട്ടറി വിഭാഗക്കാർ- വസ്തുനികുതി ഈടാക്കിയിട്ടില്ല.

അപേക്ഷകളോടൊപ്പം വിമുക്തഭടന്മാരുടെ നിർവ്വചനത്തിൽ പെടാത്ത BSF, CRPF, GREF എന്നീ വിഭാഗങ്ങളിൽ നിന്നും വിരമിച്ച താഴെപ്പറയുന്നവരുടെ 2015-16 വർഷത്തെ വസ്തുനികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതായികാണുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | സേവനം ചെയ്ത വിഭാഗം |
|---|---|---|---|
| 1 | സജി ഇ.ആർ., ഇരുപതിൽ | V/221(B) | BSF |
| 2 | തോമസ് ചാക്കോ, എടത്തിനക്കാട് | III/298 | BSF |
| 3 | ജി. രാജമ്മ, വട്ടപറമ്പിൽ | X/236 | CRPF |
| 4 | കെ.എസ്. പിള്ള , ശ്രീ നിവാസ് | X/389 | GREF |
| 5 | കെ. രാമൻകുട്ടി, കരുവാണിത്തറ | XII/243 | GREF |

ടിയാളുകളിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടുണ്ടോ എന്നാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ലെറ്റർ നം. 4559/എൻ.2/06/ത.സ്വ.ഭ.വ തിയതി 15/07/06 പ്രകാരം BSF, CRPF, GREF എന്നീ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർ വിമുക്തഭടന്മാരുടെ നിർവ്വചനത്തിൽ പെടാത്തതിനാൽ പട്ടിക പ്രകാരമുള്ള വ്യക്തികളുടെ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ അവസാനഘട്ടത്തിലാണ്. നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 18 വാർഡുകളിലായുള്ള 8806 കെട്ടിടങ്ങളുള്ളതിൽ, മുഴുവൻ കെട്ടിടങ്ങളുടെയും ഫോറം നം.6 സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കുകയും, കുടിശ്ശികയായിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും ഡിമാന്റ് നോട്ടീസ് ജനറേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ

ജി.ഒ.(എം എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. കൂടാതെ പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കുന്ന നടപടികളും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി ഏകദേശം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും 2015-16 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 43,53,919/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇത്രയും വലിയ തുക കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് ധനകാര്യ കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

## 2-5 പരസ്യനികുതി ഈടാക്കുന്നില്ല

2015-16- ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 പ്രകാരം ഈടാക്കാവുന്ന പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും കോട്ടയം നഗരത്തോട് ചേർന്ന് കിടക്കുന്നതുമായ ഈ പ്രദേശത്ത് നിരവധി വ്യാപാര വ്യവസായ ശാലകൾ പ്രവർത്തിക്കുന്നതും കോട്ടയം - കുമരകം സ്റ്റേറ്റ് ഹൈവേ, കോട്ടയം-തിരുവാർപ്പ്, കോട്ടയം- കാഞ്ഞിരംജെട്ടി എന്നീ PWD റോഡുകളും പ്രധാന മറ്റ് പല റോഡുകളും കടന്നുപോകുന്നതുമാണ്. ഓഡിറ്റിന്റെ പരിശോധനയിൽ വലുപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3 ന് പരസ്യ നികുതി ഈടാക്കുന്നതിനുവേണ്ടിയുള്ള 15.02.2016- ലെ കമ്മറ്റി തീരുമാനപ്രകാരം ബൈലാ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. എത്രയും വേഗം ബൈലാ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പരസ്യ നികുതി പിരിച്ചെടുക്കേണ്ടതിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 2-6 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പരിഷ്കരണം-സംബന്ധിച്ച്

ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ, 14.1.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി 500/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്(19.12.2011ലെ A2-6036/11 നമ്പർ വിജ്ഞാപനം). എന്നാൽ 7 ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉള്ള പഞ്ചായത്തിൽ 2013/14വർഷം ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചതിൽ 4 ടവറുകളുടേത് താഴെപ്പറയും വിധം കുറവ് നികുതി അസസ്സ് ചെയ്തിരിക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | പരിഷ്കരിച്ച നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| XV- 290/A | 15.06 | 6777 | 7530 | 753 |
| XV- 301/A | 15.06 | 6777 | 7530 | 753 |
| XVII- 266 | 12 | 4800 | 6000 | 1200 |
| XVII- 288 | 12 | 4200 | 6000 | 1800 |

അതോടൊപ്പം 7 ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ ആറ് ടവറുകൾ കുടിശ്ശിക വരുത്തിയിരിക്കുന്നു . ഇവയുടെ

കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥൻ | കുടിശ്ശിക വിവരം |
|---|---|---|
| VII- 12/A | ഇൻഡസ് ടവർ ലിമിറ്റഡ് | 2015-16 മുതൽ |
| IX- 45/A | എയർസെൽ ഡിസ്ട്രിക്ട് വയർലെസ്സ് ലിമിറ്റഡ് | 2013-14 മുതൽ |
| IX- 61 | ഐഡിയ മൊബൈൽ പ്രൈവറ്റ് ലിമിറ്റഡ് | 2013-14 മുതൽ |
| XV- 301/A | ഭാരതി എയർടെൽ ലിമിറ്റഡ് | 2014/15 മുതൽ |
| XVII- 266 | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, | 2011/12 മുതൽ |
| XVII- 288 | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, | 2005/06 മുതൽ |

പഞ്ചായത്തിന്റെ പരിധിയിലെ 7 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശികസഹിതം ഈടാക്കുന്നതിന് സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് . ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

## 2-7 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 നടപ്പാക്കിയിട്ടില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പബ്ലിഷ് ചെയ്ത് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് പ്രസ്താവിക്കുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തി. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,800 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. ഈ വിഷയം സംബന്ധിച്ച് സ്ഥാപനം നൽകിയ മറുപടിയിൽ ഈ നിയമം നടപ്പാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

കേന്ദ്ര നിയമം നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 സ്ഥാപന തൊഴിൽനികുതി-ഈടാക്കിയിട്ടില്ല.

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയുടെ വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽനികുതി 2015-16 രണ്ട് അർദ്ധവർഷവും ഈടാക്കിയിട്ടില്ല.

1. ചെങ്ങളം എസ് സി ബി ലി. നം. 1016
2. മുത്തൂറ്റ് ഫിൻകോർപ്പ്, അയ്യംമാത്ര, ചെങ്ങളം
3. മാവേലിസ്റ്റോർ, കാഞ്ഞിരം
4. ചെങ്ങളം സൗത്ത് ക്ഷീരോല്പാദകസഹകരണസംഘം
5. തിരുവാർപ്പ് ക്ഷീരോല്പാദകസഹകരണസംഘം

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് 2015-16 വർഷത്തെ സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവു കാണുന്നു. ആയത് പരിശോധിച്ച് ഈടാക്കേണ്ടതാണ്.

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം (ഒന്നാം അർധവർഷം) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| സി. ജോളി കുര്യൻ, എൽ പി എസ് എ, സെന്റ് ജോസഫ്സ് എൽപിഎസ്, ചെങ്ങളം | 195288 | 1000 | 1250 | 250- |
| വിഷ്ണു.കെ.മോഹൻ, പ്യൂൺ, കാഞ്ഞിരം എസ് സി ബി | 80136 | 300 | 750 | 450- |
| മെൻസി. എ.ആർ, ഗവ. ഹൈസ്കൂൾ, ചെങ്ങളം | 125856 | 1000 | 1250 | 250- |
| | | | ആകെ | 950- |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസപരിപാടി- പ്രോജക്റ്റ് ലക്ഷ്യം

**കൈവരിച്ചില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/15-16 |
| അടങ്കൽ | 65000 |
| ചെലവ് | 46877 |
| സ്രോതസ്സ് | തനതുഫണ്ട് |
| നിർവഹണം | സെക്രട്ടറി |

സമ്പൂർണ്ണ നാലാം തരം തുല്യതാപരിപാടിയിലൂടെ പ്രാഥമികവിദ്യാഭ്യാസം നേടുക, പഠിതാക്കൾക്കായി തൊഴിൽപരിശീലനങ്ങൾ സംഘടിപ്പിച്ച് അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പഠിതാക്കളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനായി വ്യത്യസ്തങ്ങളായ പാഠ്യേതരപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പ്രാദേശികപാഠാവലിയിലൂടെ പഞ്ചായത്തിന്റെ ചരിത്രവും വികസനവും പ്രസിദ്ധീകരിക്കുക തുടങ്ങിയവയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
15 നം 50 നം ഇടയിൽ പ്രായമുള്ളവരും 50 ന മുകളിൽ പ്രായമുള്ളതുമായ 60 പഠിതാക്കളെ കണ്ടെത്തി (ഹാജർ പുസ്തകപ്രകാരം)യിട്ടുണ്ടെങ്കിലും പഠിതാക്കളുടെ സംഗമം, പഠനോപകരണങ്ങൾ വിതരണം ചെയ്യുക, ക്ലാസ്സ് എടുക്കുന്നതിന് ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകുക, ഡയറ്റ്, യൂണിവേഴ്സിറ്റി അഡൽറ്റ് എജ്യുക്കേഷൻ വിഭാഗം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ മോണിട്ടറിങ് നടത്തിയ വിവരങ്ങൾ എന്നിവ ലഭ്യമല്ല. പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരമുള്ള പഠനയാത്രകൾ, ക്ലാസ്സുകൾ വിലയിരുത്തൽ, മോഡൽ പരീക്ഷ, പരീക്ഷ സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തുകൾ 200000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കേണ്ടിയിരുന്നെങ്കിലും 65000 രൂപ മാത്രമാണ് അതുല്യം പ്രോജക്ടിനായി വകയിരുത്തിയത്. ഒരു റിസോഴ്സ് പേഴ്സൺ, മൂന്ന് ഇൻസ്ട്രക്ടർമാർ, കോഓർഡിനേറ്റർ എന്നിവർക്ക് ഓണറേറിയം, യാത്രാപ്പടി നൽകൽ, ഫോട്ടോ, ബാനർ എന്നീ പ്രവർത്തനങ്ങളിൽ മാത്രം പ്രോജക്ട് ഒതുങ്ങിപ്പോയി. പ്രോജക്ടിനായി 46877 രൂപ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പുസ്തകങ്ങൾ വാങ്ങൽ, പ്രചാരണം, പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് 10000 രൂപ വീതവും ഡോക്യുമെന്റേഷൻ, മോണിട്ടറിങ് എന്നിവയ്ക്ക് 5000 രൂപ വീതവും പഠിതാക്കളുടെ സംഗമത്തിന് 10000 രൂപയും വകയിരുത്തി തുക ചെലവഴിക്കാമായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾ മൂല്യം അതുല്യം സമ്പൂർണ പ്രാഥമികവിദ്യാഭ്യാസപരിപാടി ഒരു ജനകീയകാമ്പയിൻ ആക്കി മാറ്റി ലക്ഷ്യം കൈവരിക്കുന്നതിന് പരാജയപ്പെട്ടതായി വിലയിരുത്തുന്നു. രേഖകളുടെ അഭാവത്തിൽ പ്രോജക്ടിനായി വിനിയോഗിച്ച 46877 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 സൗജന്യ പച്ചക്കറി തൈ വിതരണം-പദ്ധതി പൂർത്തിയാക്കാത്തത്

പ്രോജക്ട് നം. എസ്. 0181/16- പച്ചക്കറി തൈ വിതരണം.

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്-39500 | 39500- bill no.5/15-16 /3-3-16<br>dd no.059848/30-3-16 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 39500- ചെലവഴിച്ച് ഐശ്വര്യ പച്ചക്കറി സൊസൈറ്റി (അതിരമ്പുഴ കൃഷിഭവൻ ) യിൽ നിന്നും 9875 മുളകുതൈകൾ വാങ്ങിയിട്ടുണ്ട്. വിതരണവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് തിരുവാർപ്പ് പ്രദേശത്ത് വെള്ളക്കെട്ട് ഭീഷണി ഉള്ളതിനാൽ പച്ചക്കറിതൈ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും ആയത് 3-1-17 ൽ ലഭ്യമാക്കി വിതരണം ചെയ്യുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. കൂടാതെ ഗുണഭോക്താക്കളുടെ എണ്ണം, ഓരോ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യേണ്ട തൈകളുടെ എണ്ണം എന്നിവയും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. തൈകൾ സ്റ്റോക്കിൽ ചേർത്ത് വിതരണരേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവുതുക 39500- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

പ്രോജക്ട്നം. എസ്.0043/16

ചെലവ്-മെയിന്റനൻസ് ഫണ്ട്-(NR)-100000-DD നം.-759800/29-7-15

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽപ്പെടുത്തി ഹോംകോയ്ക്ക് ഒരു ലക്ഷം നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ 51170- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. മാത്രമല്ല മരുന്ന് വാങ്ങുന്നതിനു മുമ്പ് ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുമില്ല. ലഭിക്കാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാകുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതും ഭാവിയിൽ മരുന്ന് വാങ്ങുന്നതിനു മുമ്പ് ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുമാണ്.

## 3-4 ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമ്മാണം- തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്തത്

പ്രോജക്ട് നം.എസ് 0171/16

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്-3000000- | 3000000 |
| ധനകാര്യകമ്മീഷൻ അവാർഡ്-600000- | 220000 |
| ആകെ-3600000 | 3220000 |

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിയിൽപ്പെടുത്തി തൻവർഷം 18 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും, 2 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇവരിൽ ശ്രീമതി.സരോജിനി എന്ന ഗുണഭോക്താവ് ആദ്യഗഡു മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. ഭവനനിർമ്മാണം ആരംഭിക്കാൻ തല്ക്കാലം സാധ്യമല്ല എന്ന് ഇവർ അറിയിച്ചിട്ടുമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ശ്രീമതി.സരോജിനി ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും, ശ്രീ.മാത്യു ഭിത്തി നിർമ്മാണം വരെ പൂർത്തിയാക്കിയിട്ടുണ്ടെന്നുമാണ്. ഈ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തികരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ഇവർ നാളിതുവരെ കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | ബിൽ/ ഡിഡി നം |
|---|---|---|
| ശ്രീമതി.സരോജിനി, തെക്കേക്കുറ്റ്, ചെങ്ങളം പി,ഒ | 20000- | 059245/21-3-16 |
| ശ്രീ.മാത്യു, വല്യചാലിൽ, ചെങ്ങളം പി,ഒ | 20000-<br>60000- | 059753/28-3-16<br>060156/04-4-16 |

## 3-5 കക്കൂസ് നിർമ്മാണം- തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു-

പ്രോജക്ട് നം. എസ്.0125/16

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്-196000- | 196000-bill no.1/13-1-16 |
| കേന്ദ്രാവിഷ്കൃതഫണ്ട്-672000- | 672000- ch.no.722012/7-12-15 |
| ആകെ-868000- | ആകെ-868000- |

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കക്കൂസ് നിർമ്മാണത്തിനായി തൻവർഷം ഒരാൾക്ക് 15500- നിരക്കിൽ 56 പേർക്കായി ആകെ 868000- പിൻവലിച്ച് എസ് ബി ടി, തിരുവാർപ്പ് ശാഖയിലുള്ള അക്കൗണ്ടിൽ (no. 67030789636 ) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 55 പേർ മാത്രമേ തുക

കൈപ്പറ്റിയിട്ടുള്ളൂ. ശ്രീ. ഷാജഹാൻ, റാദുൽഷാമൻസിൽ എന്ന വ്യക്തി തുക കൈപ്പറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ശ്രീ.ഷാജഹാൻ കക്കൂസ് നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് വി ഇ ഒ മറുപടി നൽകി. ടിയാൾ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുന്നില്ലെങ്കിൽ അക്കൗണ്ടിൽ ശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രമില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു.

പഞ്ചായത്തിൽ 2015-16 വർഷം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട താഴെപറയുന്ന പദ്ധതികൾ പൂർത്തിയായതിന്റെ രേഖകളോ നൽകിയ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട്നം. പേര് | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നം . ഡിഡി നം. തീയതി |
|---|---|---|---|---|---|
| 1 | 138/16 മീഡിയശ്രീ | സെക്രട്ടറി | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം | 65000- | 759920/30-7-15 |
| 2 | 2/16 ഐ എ വൈ വിഹിതം (ജനറൽ) | " | സെക്രട്ടറി,ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 500000 | 056083/ 1-10-15 |
| 3 | 173/16 തെരുവുനായ്ക്കളുടെ നിയന്ത്രണം | " | സെക്രട്ടറി, ജില്ലാപഞ്ചായത്ത്, കോട്ടയം | 10000- | 056088/1-10-15 |
| 4 | " | " | | 190000- | 056085/1-10-15 |
| 5 | 178/16 കാഞ്ഞിരം ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കൽ | " | എക്സി. എഞ്ചി. പി.എച്ച്.ഡിവിഷൻ, കോട്ടയം | 50000 | 269283/18-1-16 |
| 6 | 008/16 ഐ എ വൈ എസ്.സി.പി | അസി. സെക്രട്ടറി | സെക്രട്ടറി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 500000- | 237633/30-12-15 |

| | | | | | |
|---|---|---|---|---|---|
| 7 | 180/16ഐ എ വൈ എസ്.സി.പി | " | | 995000- | 057666/4-2-16 |
| 8 | 169/16 കന്നുകുട്ടി പരിപാലനം | വെറ്ററിനറി സർജൻ | പ്രോജക്റ്റ് ഓഫീസർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | 218750- | 237123/ 21-12-15 |
| | | | ആകെ | 2528750- | |

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 2528750 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. എസ്. 007/16
നിർവഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം

ടി പ്രോജക്റ്റിലെ ഗുണഭോക്താവായ ശ്രീമതി.ലളിതാദേവദാസ്, തോപ്പിൽ, ചെങ്ങളം സൗത്ത് ന് പെൺമക്കളുടെ വിവാഹധനസഹായമായി വൗച്ചർ നം. 21500453/30-9-15, ബിൽ നം. 51500457/30-9-15 പ്രകാരം 50000- പിൻവലിച്ചിട്ടുണ്ട്. (വി.പി.എഫ്.എ.2(എ)). എന്നാൽ ടി തുക ഗുണഭോക്താവിന് കൈമാറിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള 50000- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 അസിസ്റ്റന്റ് എൻജിനിയർ നിർവഹണം നടത്തിയ പ്രോജക്റ്റുകൾ

റോഡ് നിർമാണപ്രവൃത്തികൾ സമഗ്രമായി നിർവഹിക്കപ്പെടുന്നില്ല
റോഡ് നിർമ്മാണപ്രവൃത്തികൾ അതിന്റെ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി നിർവഹിക്കപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പേര് | തുക | ബാക്കി ചെയ്യാൻ അവശേഷിക്കുന്ന പ്രവൃത്തികൾ |
|---|---|---|---|
| എസ് 093/16 | മാണംകുളം- നടുവിലേചിറ റോഡ് സോളിങ് | 279088 | മെറ്റലിങ്, ടാറിങ് |
| എസ് 161/16 | അറുനൂറ്റിമംഗലം- അംഗൻവാടി റോഡ് മെറ്റലിങ് | 297715 | ടാറിങ് |

12-ാം പദ്ധതി പരിഷ്കരിച്ച മാർഗരേഖ 11.13 (9) പ്രകാരം വിവിധ കാരണങ്ങളാൽ ഒരു പ്രവൃത്തി ഒന്നിലധികം വർഷം കൊണ്ടു മാത്രമേ പൂർത്തിയാക്കാൻ കഴിയുകയുള്ളൂവെങ്കിൽ ബഹുവർഷപ്രോജക്റ്റ് തയ്യാറാക്കി പദ്ധതിയുടെ മുഴുവൻ ഘടകങ്ങളും പൂർത്തിയാക്കാമായിരുന്നു.
നിർമാണപ്രവൃത്തികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായി നിർവഹിക്കാത്തതിനാലും ഭാഗികഅളവിൽ നിർവഹിക്കുന്നതിനാലും ആസ്തിയുടെ പൂർണമായ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. അവശേഷിക്കുന്ന ഭാഗം തുടർവർഷപദ്ധതിയിൽ ഏറ്റെടുക്കാതിരിക്കുന്നതിന് സാധ്യത കാണുന്നുണ്ട്. ഇപ്രകാരം ഇവ

ഏറ്റെടുത്താൽത്തന്നെ കൂടുതൽ പണച്ചെലവിന് അത് കാരണമാകുകയും ചെയ്യുന്നു. ആസ്തിയുടെ പൂർണമായ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് ഉതകുംവിധം പദ്ധതികൾ സമഗ്രമായി നിർവഹിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-9 എസ്.സി. ട്രയിനിങ് സെന്റർ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

2015-16 വർഷം പ്രോജക്ട് നമ്പർ എസ് 183/16- എസ്.സി. ട്രയിനിങ് സെന്റർ പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 723527 രൂപ ചെലവഴിച്ച് എസ്.സി. ട്രയിനിങ് സെന്റർ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ടി സ്ഥാപനം നേരിൽ സന്ദർശിച്ച് പരിശോധന നടത്തിയതിൽ സ്ഥാപനത്തിൽ നിലവിൽ എസ്.സി. വിഭാഗക്കാർക്കുള്ള പരിശീലനപദ്ധതികളോ ക്ലാസ്സുകളോ നടക്കുന്നതായി കാണുകയുണ്ടായില്ല. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ലിറ്റൽ ഫ്ലവർ നഴ്സറി എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിക്കുന്നതായി കാണുവാൻ സാധിച്ചു. എന്നാൽ നഴ്സറി നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് അനുമതി നൽകിയതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. കൂടാതെ നഴ്സറി പ്രവർത്തിപ്പിക്കുന്നതിന് വാടക ലഭിക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ പോർച്ചിൽ ഒരു ട്രാക്ടർ, ടില്ലർ എന്നിവ ഉപയോഗമില്ലാതെ സൂക്ഷിച്ചിട്ടുണ്ട്. ഇത് 2012-13 വർഷത്തെ വാർഷികപദ്ധതിയിൽപ്പെടുത്തി എസ്.സി. വിഭാഗക്കാർക്കുള്ള തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി വാങ്ങി നൽകിയതാണെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ മെഷീനറികളുടെ സംരക്ഷണം, തുടർപ്രവർത്തനം എന്നിവയുടെ ചുമതല കൃഷി ഓഫീസർക്കാണെന്ന് സെക്രട്ടറി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും നാളിതുവരെ ഉപയോഗിച്ചിട്ടില്ലെന്നും ഉപയോഗശൂന്യമായി തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലാണെന്നും നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. കൂടാതെ സ്ഥാപനത്തിനുള്ളിൽ 8 തയ്യൽ മെഷീനുകൾ, 2 കംപ്യൂട്ടറുകൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങളാണെന്ന് കാണുന്നു. ഇവയും ഉപയോഗമില്ലാതെ നശിക്കാൻ സാധ്യതയുണ്ട്. എസ്.സി. ട്രയിനിങ് സെന്ററിന്റെ നിർമാണം, പുനരുദ്ധാരണം, മെഷീനറികൾ വാങ്ങൽ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചെങ്കിലും പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനും തൊഴിൽ പരിശീലനത്തിനും നിലവിൽ സ്ഥാപനം ഉപയോഗപ്പെടുന്നില്ലായെന്ന് കാണുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ഭവനനിർമാണം- പൂർത്തീകരണവിവരം ലഭ്യമല്ല

പ്രോജക്ട് നം എസ് 142/16 പട്ടികജാതി വനിത- വീട് നിർമാണം

ഈ പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി ഓമന, മിഥിനംകേരി, തിരുവാർപ്പ്, ഭവനനിർമാണം പൂർത്തിയാക്കിയതായി കാണിച്ച് സബ്സിഡി തുകയായ 260000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഭവനനിർമാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം അസസ്മെന്റ് നടത്തി കെട്ടിടനമ്പർ നൽകിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും അസസ്മെന്റ് നടത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടം പരിശോധിച്ച് അസസ്മെന്റ് നടത്തി കെട്ടിടനമ്പർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്. - പൊതുനിരീക്ഷണങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2015-16 വർഷം 60 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 1838 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം 306 പദ്ധതികൾ വിഭാവനം ചെയ്തതിൽ 261 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുകയും 261 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. 72300 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. വാച്ചാൽ ആഴം കൂട്ടൽ, വൃക്ഷത്തെ നടീൽ, തോട് ആഴം കൂട്ടൽ, ഐ.എ.വൈ. ഭവനനിർമാണം എന്നീ പ്രവൃത്തികളായിരുന്നു നടപ്പാക്കിയത്.

ലഭിച്ച തൊഴിൽ ദിനങ്ങളുടെയും കുടുംബങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ലഭിച്ച തൊഴിൽദിനങ്ങൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 100 | 5 |
| 80-89 | 71 |
| 70-79 | 111 |

| | |
|---|---|
| 60-69 | 232 |
| 50-59 | 279 |
| 50 ൽ താഴെ | 1019 |

പദ്ധതി പ്രകാരമുള്ള ആകെ വരവുചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 177985 |
| വരവ് | 7186798 |
| പലിശ | 2326 |
| ആകെ | 7367109 |
| ചെലവ് | 7363843 |
| നീക്കിയിരിപ്പ് | 3266 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | കാഞ്ഞിരം ഭാഗത്ത് പൈപ്പ് ലൈൻ നന്നാക്കുന്നതിന് | 50000/- ചെക്ക് നം.269283 dt. 18.1.16 | - | 50000/-(വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല) |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടക്കുവാൻ അവശേഷിക്കുന്നില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയആളുടെ പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വർഷം | | | ഉദ്യോഗപ്പേരും | |
| 2012-13 | 3.2 | 244 | ജയപ്രകാശ്, മാണിക്കവേലി | 11505102097 dt. 20.11.2015 |
| ആകെ | | 244 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-11 | 2010-11 | --- | കേരള വാട്ടർ അതോറിട്ടിയിൽ തുക നിക്ഷേപിച്ചത് സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |
| 2013-14 | 5.1 | 2011-12 | പേജ് 64,93 | ജലസ്രോതസുകളും കുടിവെള്ളപദ്ധതികളും അവലോകനം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33721853 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43973400 |
| വരവിനങ്ങളിലുള്ള നഷ്ടം | 950 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2665127 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 950 | - | ശ്രീ. ബിജുകുമാർ എം. , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 46877 | ശ്രീ. ബിജുകുമാർ, സെക്രട്ടറി |
| 3-2 | 39500 | ശ്രീമതി ജ്യോതി റ്റി. , കൃഷി ഓഫീസർ |
| 3-6 | 25528750 | 815000- ശ്രീ. എം. ബിജുകുമാർ, സെക്രട്ടറി<br>1495000- ശ്രീ. വി.എൻ. റെജിമോൻ, അസിസ്റ്റന്റ് സെക്രട്ടറി<br>218750- ഡോ. സുജ ജോൺ, വെറ്ററിനറി സർജൻ |
| 3-7 | 50000 | ശ്രീ. വി.എൻ. റെജിമോൻ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജുകുമാർ എം., സെക്രട്ടറി | സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത് | രാജമംഗലം, മതിര പി.ഒ., കടയ്ക്കൽ, കൊല്ലം |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.10/538(3)അദാ/ 14/29.11.14 |
| 1997-98വരവ് | നം.എൽ.എഫ്.കെ.പി6/279(എ)/08/5.2.10/6.3.10 |
| 1998-99ചെലവ് | നം.എൽ.എഫ്.കെ.പി6/1149/07 8.2.08 |
| 1998-99വരവ് | നം.എൽ.എഫ്.കെ.പി.6/280/ 12.01.09/ 2.2.09 |
| 1999-2000ചെലവ് | നം.എൽ.എഫ്.കെ.പി.6/1150/07 3.02.08 |
| 1999-2000വരവ് | നം.എൽ.എഫ്.കെ.പി6/28/08/ 12.01.09/ 2.2.09 |
| 2000-2001 | നം.എൽ.എഫ്.കെ.പി6/88/10/27.06.12 |

| | |
|---|---|
| 2000-01,2001-02പ്ലാൻ | നംഎൽ.എഫ്.കെ.പി10/538/14/21.10.15 |
| 2001-02 | നം.എൽ.എഫ്.കെ.പി1/190/അദാ G2/11/21.2.11 |
| 2002-03ചെലവ് | നം.എൽ.എഫ്.കെ.പി6/748/07/14.08.07 |
| 2002-03വരവ് | നം.എൽ.എഫ്.കെ.പി6/1960/ അദാ എച്ച്/2011/(2)/ 28.08.11 |
| 2003-04ചെലവ് | നം.എൽ.എഫ്.കെ.പി10/820/15/21.10.15 |
| 2003-04വരവ് | നം.എൽ.എഫ്.കെ.പി.6/113209/27.6.12 |
| 2004-05 | നം.എൽ.എഫ്.കെ.പി10/820/15/21.10.15 |
| 2005-06 | നം.എ.ൽ.എഫ്.കെ.പി10/820/15/21.10.15 |
| 2006-07 | നം.എ.ൽ.എഫ്.കെ.പി1/190/ അദാ ജി2 /2011/ 2.2.11 |
| 2007-08 | നം.എ.ൽ.എഫ്.കെ.പി6/906/2010/16.05.12 |
| 2008-09 | നം.എ.ൽ.എഫ്.കെ.പി6/907/2010/ 16.7.12 |
| 2009-10 | നം.എ.ൽ.എഫ്.കെ.പി10/1361/11/8.02.13/5.04.13 |
| 2010-11,11-12 | നം.എ.ൽ.എഫ്.കെ.പി.1/588/2012/ 7.02.13/14.03.13 |
| 2012-13 | നം.എ.ൽ.എഫ്.കെ.പി.10/33/15/ 18.4.15 |
| 2013-14 | കെ.എസ്.എ.ഡി.കെ.റ്റി.എം10/1420/15 / 4.01.16 |
| 2014-15 | കെ.എസ്.എ.ഡി.കെ.റ്റി.എം10/959/14/12.7.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി10/5/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 11.1.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം